# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3443** 16.12.2015-ൽ മറുപടിയ്ക്ക്

### ഗ്രാമസഭകളുടെ നടത്തിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)** |
| (എ) ഗ്രാമസഭകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രോട്ടോക്കോളുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (എ) പ്രോട്ടോക്കോൾ നിലവിലില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമാണ് ഗ്രാമസഭാ യോഗങ്ങൾ ചേരുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(4), 3(5) എന്നിവ പ്രകാരം ഒരു ഗ്രാമത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഗ്രാമപഞ്ചായത്തംഗം ആ ഗ്രാമസഭയുടെ കൺവീനറായിരിക്കുന്നതും ഏതെങ്കിലും കാരണവശാൽ കൺവീനർക്ക് തന്റെ കടമകൾ നിർവ്വഹിക്കുന്നതിന് ശാരീരികമായോ, മറ്റ് തരത്തിലോ സാധിക്കാതെ വന്നാൽ തൊട്ടടുത്തുള്ള ഏതെങ്കിലും നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗത്തെ കൺവീനറായി പ്രസിഡന്റിന് നിയമിക്കാവുന്നതാണ്.<br><br>ഗ്രാമസഭയുടെ ഏതൊരു യോഗത്തിലും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ അഥവാ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ്പ്രസിഡന്റോ അല്ലെങ്കിൽ അവരുടെ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭയുടെ കൺവീനറോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.<br><br>നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് പ്രോട്ടോക്കോൾ സംവിധാനം ഇല്ലാത്ത സംഗതിയിൽ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ അനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കുവാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ